# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1877 25-03-2013-ൽ മറുപടിയ്ക്ക്

### വാഹന പരിശോധന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എ. അസീസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരേയും ഹെൽമറ്റ് ധരിക്കാതെ ഇരുചക്രവാഹനം ഓടിക്കുന്നവരേയും കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനും സ്വീകരിക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ ; | (എ) വാഹന പരിശോധനാ വേളകളിൽ ഹെൽമറ്റ് ധരിക്കാതെ ഇരുചക്ര വാഹനം ഓടിക്കുന്നവരേയും മറ്റ് ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരേയും ശ്രദ്ധയിൽപ്പെട്ടാൽ കുറ്റത്തിന്റെ സ്വാഭാവമനുസരിച്ച് കുറ്റക്കാർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയോ, പെറ്റി കേസുകൾ എടുത്ത് ഫൈൻ ചെയ്യുകയോ ചെയ്യാറുണ്ട്. പരിശോധനാ വേളയിൽ പെറ്റി ഫൈൻ അടയ്ക്കാൻ കഴിയാത്തവർക്ക് കോടതിയിലോ, ബാങ്കിലോ അടയ്ക്കുന്നതിന് നോട്ടീസ് അയയ്ക്കാറുണ്ട്. |
| (ബി) പോലീസ് ഉദ്യോഗസ്ഥർ തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിലും വളവുകളിലും രാത്രി കാലങ്ങളിൽ പതിയിരുന്ന് ബൈക്ക് യാത്രക്കാരെ പിടികൂടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ; | (ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. തെരുവ് വിളക്കുകൾ ഇല്ലാത്ത സ്ഥലത്തും, വളവുകളിലും മറ്റും പതിയിരുന്ന് ബൈക്ക് യാത്രക്കാരെയും മറ്റും പരിശോധിക്കരുതെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) വാഹന പരിശോധന നടത്തുമ്പോൾ വാഹനങ്ങളുടെ നീണ്ടനിര സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) വാഹന പരിശോധന നടത്തുന്ന സമയം ഒരു സമയം ഒരു വാഹനം മാത്രം നിർത്തി പരിശോധിക്കണമെന്നും ആയത് വിട്ടതിനുശേഷം മാത്രമേ അടുത്ത വാഹനം നിർത്തി പരിശോധിക്കാവൂ എന്നും എല്ലാ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ